"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - എക്സൈസ് വകുപ്പിന് 7 പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.45/2025/TAXES തീയതി,തിരുവനന്തപുരം, 16-05-2025

പരാമർശം:- 1. സ.ഉ.(കൈ).2/2025/നികുതി തീയതി: 07.01.2025

2. എക്സൈസ് കമ്മീണറുടെ 08.01.2025 ലെ ഇ.എക്സ്.സി/4402/2023-എക്സ്.എഫ്.ബി1 നമ്പർ കത്ത്

**ഉത്തരവ്**

എക്സൈസ് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി വകുപ്പിൽ നിലവിൽ ഉപയോഗ യോഗ്യമായ വാഹനങ്ങൾ ഇല്ലാത്ത 7 ഓഫീസുകൾക്ക് വേണ്ടി പുതിയ 7 വാഹനങ്ങൾ വാങ്ങുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (2) ലെ കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എക്സൈസ് enforcement പ്രവർത്തനങ്ങൾക്ക് വാഹനങ്ങൾ അനുവദിക്കേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത്, 2024-25 സാമ്പത്തിക വർഷത്തിൽ Plan prioritisation — ന്റെ ഭാഗമായി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ '2039-00-001-94-00-34-03-P-V എക്സൈസ് വകുപ്പിന്റെ നവീകരണം (പ്ലാൻ)' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 67.72 ലക്ഷം രൂപ (അറുപത്തി ഏഴ് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) ഉപയോഗിച്ച് നിലവിൽ ഉപയോഗ യോഗ്യമായ വാഹനങ്ങൾ ഇല്ലാത്ത 7 ഓഫീസുകളിലെ ചുവടെ പറയുന്ന പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വാഹനങ്ങൾക്ക് പകരമായി 10 ലക്ഷം രൂപയിൽ താഴെ വിലയുള്ള പുതിയ 7 വാഹനങ്ങൾ GeM പോർട്ടൽ മുഖേന വാങ്ങുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| Sl No | Reg.No.of the Vehicle | Year of Manufacture |
|---|---|---|

| | | |
|---|---|---|
| 1 | KL-01-AX-1938 | 2009 |
| 2 | KL-01-AS-8523 | 2008 |
| 3 | KL-01-AV-1986 | 2009 |
| 4 | KL-01-AV-120 | 2009 |
| 5 | KL-01-AX-1923 | 2009 |
| 6 | KL-01-AX-1961 | 2009 |
| 7 | KL-01-AX-1864 | 2009 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്-ഇ.ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (EXP/B1/435/2024-FIN Dated 04.03.2025 പ്രകാരം)
4. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നമ്പർ 2945 തീയതി: 15.05.2025 പ്രകാരം)
5. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Reese. V. A
Date: 17-05-2025 09:41:48
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ്  സെക്രട്ടറിയ്ക്ക്.

2. ബഹു.തദ്ദേശസ്വയംഭരണവും, എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

3. അഡീ. ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

4. എക്സൈസ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്